# സഹകരണ ജീവനക്കാരുടെ സംയുക്ത സമരസമിതി
# തിരുവനന്തപുരം

*Ref :-* Date 30 - 1 - 2017

**ചാൾസ് ആന്റണി**
**ചെയർമാൻ**
**ഫോൺ. 9447805699**

**പി എസ് മധുസൂദനൻ**
**ജനറൽ കൺവീനർ**
**ഫോൺ. 9447071374**

**കൺവീനർമാർ**
**പി കെ രാജീവൻ**
**എൻ വി അജയകുമാർ**
**വി എം അനിൽകുമാർ**
**എ കെ മുഹമ്മദലി**

## സംയുക്ത സമര സമിതി തീരുമാനങ്ങൾ

സംയുക്ത സമര സമിതി 30-1-2017ന് ചെയർമാൻ ചാൾസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ജനറൽ കൺവീനർ പി എസ് മധുസൂദനൻ റിപ്പോർട്ട് വച്ചു. കെസിഇസി(എഐടിയിസി) ജനറൽ സെക്രട്ടറി വി എം അനിൽ കുമാർ, സിഇഒ ജനറൽ സെക്രട്ടറി എ കെ മുഹമ്മദലി തുടങ്ങിയവർ പങ്കെടുത്തു.

ചർച്ചയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങളെടുത്തു.

1) 2017 ഫെബ്രുവരി 7ന് ബാങ്കിംഗ് രംഗത്തെ സംഘടനകൾ നടത്തുന്ന അഖിലേന്ത്യാ പണിമുടക്ക് ദിവസം കേരളത്തിലെ സഹകരണ വായ്പാ മേഖലയിലെ ജീവനക്കാരും പണിമുടക്കുവാൻ തീരുമാനിച്ചു.

2) ബാങ്കിംഗ് രംഗത്തെ അഖിലേന്ത്യാ സംഘടനകൾ പണിമുടക്കിൽ നിന്ന് ഏതെങ്കിലും കാരണവശാൽ പിന്മാറിയാലും സഹകരണ മേഖലക്ക് പരിധിയില്ലാതെ പണം പിൻവലിക്കാനുള്ള അനുവാദം ഉണ്ടായില്ലെങ്കിൽ സംയുക്ത സമര സമിതി നിശ്ചയിച്ച പ്രകാരം ഫെബ്രുവരി 7ന് തന്നെ പണിമുടക്ക് സമരം നടത്തുന്നതിന് തീരുമാനിച്ചു.

3) സമരത്തിന്റെ ഭാഗമായി ഉയർത്തിക്കാട്ടേണ്ട മുദ്രാവാക്യങ്ങൾ ചുവടെ ചേർക്കുന്നു.

**(1) സഹകരണ സ്ഥാപനങ്ങൾക്ക് പരിധിയില്ലാതെ പണം പിൻവലിക്കാൻ റിസർവ്വ് ബാങ്ക് അനുവാദം നൽകുക.**

**(2) സഹകരണ മേഖലയോടുള്ള റിസർവ്വ് ബാങ്കിന്റെ വിവേചനം അവസാനിപ്പിക്കുക.**

**(3) റിസർവ്വ് ബാങ്കിന്റെ സ്വയംഭരണാവകാശം സംരക്ഷിക്കുക.**

4) സമരത്തിന്റെ ഭാഗമായി ജില്ലാ അടിസ്ഥാനത്തിൽ ഫെബ്രുവരി 2-ാം തീയതിക്കുള്ളിൽ സംയുക്ത സമിതികൾ കൂടി സമരപരിപാടികളുടെ നടത്തിപ്പിനെപ്പറ്റി തീരുമാനങ്ങൾ എടുക്കണം.

5) തിരുവനന്തപുരത്തും എറണാകുളത്തും അതത് ജില്ലകളിലെ ജീവനക്കാർ റിസർവ്വ് ബാങ്കിന് മുന്നിലേക്കും മറ്റ് ജില്ലകളിൽ ജില്ലാ സംയുക്തസമര സമിതി തീരുമാനിക്കുന്ന കേന്ദ്ര സർക്കാർ ആഫീസുകൾക്ക് മുന്നിലേക്കും മാർച്ചും ധർണ്ണയും നടത്തുന്നതിന് തീരുമാനിച്ചു.

6) പ്രചരണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ പത്രസമ്മേളനം നടത്തി കാര്യങ്ങൾ വിശദീകരിക്കണം.

# സഹകരണ ജീവനക്കാരുടെ സംയുക്ത സമരസമിതി
# തിരുവനന്തപുരം

*Ref :-* Date 30 - 1 -2017


**ചാൾസ് ആന്റണി**
**ചെയർമാൻ**
**ഫോൺ. 9447805699**

**പി എസ് മധുസൂദനൻ**
**ജനറൽ കൺവീനർ**
**ഫോൺ. 9447071374**

**കൺവീനർമാർ**
**പി കെ രാജീവൻ**
**എൻ വി അജയകുമാർ**
**വി എം അനിൽകുമാർ**
**എ കെ മുഹമ്മദലി**


## പ്രസിദ്ധീകരണത്തിന്

### ഫെബ്രുവരി 7ന് സഹകരണ ജീവനക്കാരും പണിമുടക്കും

സഹകരണ സ്ഥാപനങ്ങൾ ജില്ലാ ബാങ്കിലും മറ്റ് ബാങ്കുകളിലും നിക്ഷേപിച്ചിട്ടുള്ള തുക പരിധിയില്ലാതെ പിൻവലിക്കാൻ അനുവദിക്കുക, റിസർവ്വ് ബാങ്കിന്റെ സഹകരണ മേഖലയോടുള്ള അവഗണന അവസാനിപ്പിക്കുക, റിസർവ്വ് ബാങ്കിന്റെ സ്വയംഭരണാവകാശം സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2017 ഫെബ്രുവരി 7ന് കേരളത്തിലെ സഹകരണ വായ്പാ രംഗത്തെ ജീവനക്കാർ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ പണിമുടക്കി റിസർവ്വ് ബാങ്കിന് മുന്നിലേക്കും ജില്ലാ കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രഗവൺമെന്റ് ആഫീസുകൾക്ക് മുന്നിലേക്കും മാർച്ചും ധർണ്ണയും നടത്തുന്നു.

രാജ്യത്ത് 1000, 500 രൂപ നോട്ടുകൾ പിൻവലിച്ചതിനെ തുടർന്ന് സാമ്പത്തിക രംഗത്തെ പ്രതിസന്ധി രൂക്ഷമായി തുടരുകയാണ്. റിസർവ്വ് ബാങ്ക് സഹകരണ മേഖലയോട് കടുത്ത വിവേചനപൂർണ്ണമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. ബഹു. സുപ്രീംകോടതി നിർദ്ദിശിച്ചിട്ടും സഹകരണ സ്ഥാപനങ്ങൾക്ക് ജില്ലാസഹകരണ ബാങ്കുകളിൽ നിന്നും പിൻവലിക്കാനാകുന്ന തുകയുടെ പരിധി 24000 രൂപയായി തുടരുകയാണ്. കേരളത്തിലെ സഹകാരികളും ജീവനക്കാരും കക്ഷിരാഷ്ട്രീയത്തിന് അതീതമായി നിവേദനങ്ങളും സമരങ്ങളും നടത്തിയിട്ടും നയത്തിൽ മാറ്റം വരുത്താൻ കേന്ദ്രസർക്കാൻ ഇടപെടുന്നില്ല. പ്രാഥമിക സഹകരണ സംഘങ്ങളുടെ നിക്ഷേപത്തിന്റെ തോത് പരിശോധിച്ചാൽ ഇന്ത്യയിലെ ആകെ നിക്ഷേപത്തിന്റെ 60 ശതമാനവും കേരളത്തിലാണ്. ഈ പ്രത്യേകത കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങൾക്ക് പരിധിയില്ലാതെ പണം പിൻവലിക്കാൻ അനുമതി നൽകണം. കേരളത്തിലെ സഹകരണ ബാങ്കുകളിൽ കള്ളപ്പണം ഇല്ലെന്ന യാഥാർത്ഥ്യം റിസർവ്വ് ബാങ്കിനും നബാർഡിനും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നൽകിയെങ്കിലും രാഷ്ട്രീയ സമ്മർദ്ദത്തെ തുടർന്ന് സഹകരണ മേഖലയോടുള്ള നിലപാടിൽ മാറ്റം വരുത്താൻ റിസർവ്വ് ബാങ്കിന് കേന്ദ്രസർക്കാർ അനുമതി നൽകുന്നില്ല. ഈ സാഹചര്യത്തിലാണ് ഫെബ്രുവരി 7 ന് പണിമുടക്കുമായി ജിവനക്കാർ മുന്നോട്ടുവന്നിട്ടുള്ളത്. പണിമുടക്ക് വിജയിപ്പിക്കാൻ സമരസമിതി നേതാക്കളായ കേരളാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി പി എസ് മധുസൂദനൻ, കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട് ജനറൽ സെക്രട്ടറി ചാൾസ് ആന്റണി, കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കൗൺസിൽ ജനറൽ സെക്രട്ടറി എം വി അനിൽ കുമാർ, കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി എ കെ മുഹമ്മദലി എന്നിവർ സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

# സഹകരണ ജീവനക്കാരുടെ സംയുക്ത സമരസമിതി
# തിരുവനന്തപുരം

**ചാൾസ് ആന്റണി**
**ചെയർമാൻ**
**ഫോൺ. 9447805699**

**പി എസ് മധുസൂദനൻ**
**ജനറൽ കൺവീനർ**
**ഫോൺ. 9447071374**

**കൺവീനർമാർ**
**പി കെ രാജീവൻ**
**എൻ വി അജയകുമാർ**
**വി എം അനിൽകുമാർ**
**എ കെ മുഹമ്മദലി**

*Ref :-* Date........................

പ്രസിഡന്റ്

.........................................................................

.........................................................................

**പണിമുടക്ക് നോട്ടീസ്**

2016 നവംബർ 8ന്റെ കറൻസി പിൻവലിക്കലിനെ തടർന്ന് സഹകരണ മേഖല കടുത്ത പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുപോലും ആവശ്യമായ കറൻസി സഹകരണ മേഖലക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സഹകരണ മേഖലയെ ബാധിക്കുന്ന ഇത്തരം പ്രശ്നങ്ങൾ കൂടി ഉന്നിയിച്ചുകൊണ്ട് ബാങ്കിംഗ് രംഗത്തെ സംഘടനകൾ അഖിലേന്ത്യാവ്യാപകമായി 2017 ഫെബ്രുവരി 7ന് നടത്താൻ തീരുമാനിച്ചിട്ടുള്ള പണിമുടക്കിൽ സംസ്ഥാനത്തെ സഹകരണ വായ്പാ മേഖലയിലെ ജീവനക്കാരും അണിനിരക്കുകയാണ്. ആയതിനാൽ **2017 ഫെബ്രുവരി 7ന്** താങ്കളുടെ സ്ഥാപനത്തിലെ ജീവനക്കാരും പണിമുടക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ

പി എസ് മധുസൂദനൻ (ജനറൽ സെക്രട്ടറി KCEU )

ചാൾസ് ആന്റണി (ജനറൽ സെക്രട്ടറി KCEF )

വി എം അനിൽകുമാർ(ജനറൽ സെക്രട്ടറി KCEC)

എ കെ മുഹമ്മദലി (ജനറൽ സെക്രട്ടറി CEO )